0061215

**K19U 2533**

Reg. No. : ...............................

Name : ..................................

## III Semester B.A./B.Sc. Degree (CBCSS - Reg./Sup./Imp.) Examination, November - 2019
## (2016 Admn. Onwards)
## COMMON COURSE IN MALAYALAM
## 3A09 MAL : മലയാള കവിത

സമയം : 3 മണിക്കൂർ

മാർക്ക് : 40

I. താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1. 'കല്യാണ സൗഗന്ധികം' തുള്ളലിനെ ആസ്പദമാക്കി നമ്പ്യാർക്കവിതകളുടെ സവിശേഷതകൾ വിലയിരുത്തുക.
2. വിവിധരസങ്ങളുടെ ആവിഷ്കാരത്തിൽ എഴുത്തച്ഛൻ പുലർത്തുന്ന നൈപുണി 'ഹനുമൽസീതാസംവാദ' ത്തെ മുൻ നിർത്തി ഉപന്യസിക്കുക.
3. 'മാനസാന്തരം' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.
4. 'സൗന്ദര്യപൂജ' യിൽ ആവിഷ്കൃതമാകുന്ന കേരളീയതയെക്കുറിച്ച് ഉപന്യസിക്കുക.

II. നൂറ്റമ്പത് വാക്കിൽ കവിയാതെ നല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×3=12)**

5. "മറ്റുവല്ലവരേയും കാട്ടിക്കൊള്ളുക ഭാഷാശ്ലോകം" - ആരുടെ വാക്കുകൾ? വിശദീകരിക്കുക.
6. 'ചേദിപനായൊരു കാലന്തൻ കൈപുക്കു
   വേദന പൂണുമാറായി ഞാനോ' - സന്ദർഭം എഴുതുക.
7. "അഥവാ, നരനാഥനോടിവൻ
   കഥ കോപോഗ്രരവം കഥിക്കയാം
   കൃതമാമഹിതം സഹിക്കുമോ
   ധൃതവീരൻ പരതന്ത്രനെങ്കിലും?..." സന്ദർഭമെഴുതി ആശയം വിശദീകരിക്കുക.

P.T.O.

8. 'എല്ലും മുടിയും നിലത്തുപിന്നിക്കൊണ്ടു
കള്ളിയാങ്കാട്ടിന്റെ നീലിയായ് നിന്നതും' - വിവക്ഷിതമെന്ത് ?

9. 'തമസ്സാമതിലടിപെട്ടാലകാലമൃത്യു ഫലം." - ഏതിനടിപ്പെട്ടാൽ ? ദർശനമെഴുതി ചർച്ച ചെയ്യുക.

10. മകന് നഷ്ടപ്പെടുന്ന നന്മകളെ കൃഷ്ണവാരിയർ വിശദീകരിക്കുന്നതെങ്ങനെ?

III. നൂറു വാക്കിൽ കവിയാതെ ആറു ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. **(4×2=8)**

11. 'കന്യക വന്നൊരു നൽവഴിതന്നയേ
പിന്നെയും പിന്നെയും നോക്കിനിന്നാൻ:.'- ആര്? സന്ദർഭമെഴുതുക.

12. 'എന്നെ പലദിക്കിലുമെത്തിപ്പൂ ഞാനൊരു
പൊന്നോണപ്പുലരിയായ് പരിലസിപ്പൂ" - കവിയെ പലദിക്കിലും എത്തിക്കുന്നത് ആരാണ്? കാവ്യഭംഗി വിശദമാക്കുക.

13. 'കൊല്ലേണ്ടതെങ്ങനെ' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

14. "സത്യപ്രകൃതി ദീപത്തിൽ-
ക്കത്തും പൊന്തിരിപോലവേ,
അരിവാളേന്തി നില്ക്കുന്നു
കന്നി-കർഷകകന്യക."- കാവ്യസൗന്ദര്യം വിശദീകരിക്കുക.

15. "പവനനൊരു കൃപയൊടു പറഞ്ഞുകേൾപ്പിക്കയോ
പാപിയാമെന്നുടെ മാനസഭ്രാന്തിയോ?"- വിശദീകരിക്കുക.

16. സ്നേഹത്തിന്റെ മൂല്യം പ്രേമസംഗീതത്തെ ആസ്പദമാക്കി വിശദീകരിക്കുക.

IV. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക. **(6×1=6)**

17. "മകൻ അമ്മയ്ക്കായ്ക്കാർന്നോരെയെങ്ങുപോയ്ത്തിരക്കേണ്ടു?"- അമ്മയ്ക്ക് വേണ്ടതെന്ത് ?

18. "സ്ഫുട ചന്ദ്രികയെന്തലിഞ്ഞിടാ
കടുവജ്രം, ശശികാന്തമെന്നപോൽ"- ഏത് കവിതയിലെ വരികൾ?

19. 'ഗാഥാവൃത്തം' എന്നറിയപ്പെടുന്നതെന്ത്?

20. സുന്ദരകാണ്ഡത്തിലെ പ്രധാന കഥാപാത്രം ആര് ?

21. ആരെ സ്മരിച്ചുകൊണ്ടാണ് കുമാരനാശാൻ 'പ്രരോധനം ' എഴുതിയത് ?

22. 'കൊച്ചുതൊമ്മൻ' ആരുടെ കവിതയാണ് ?

23. 'അമ്പലമണി ' ആരുടെ കാവ്യസമാഹാരമാണ് ?

24. കുഞ്ചൻ നമ്പ്യാരുടെ ജന്മസ്ഥലം?